കേരള സർക്കാർ

.

# പാമ്പാക്കുട ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(പി9) 09/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 01-01-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുടഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം. (പി9 ) 09/2019. തീയതി. 01.01.2020

<u>എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2018 മുതൽ 31.03.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.12.2019മുതൽ 31.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജ്യോതിമോൻ.സി.സി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. വിനീത്.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | കുമാരി.മേഴ്സി.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.നവാസ്.സി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. സുഷമ മാധവൻ | 01.04.2018 മുതൽ 31.03.2019 വരെ |
| [illegible] | : | [illegible] | [illegible] |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | : | ശ്രീ. തങ്കച്ചൻ കുര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി. അമ്മിണി ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ. സി.ബി.രാജീവ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി. സിന്ധുജോർജ്ജ് | 01.04.2018 മുതൽ 27.01.2019 വരെ 28.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.രവികുമാർ.എൻ | 01.04.2018 മുതൽ 11.10.2018FNവരെ |
| | | ശ്രീ. എം.എം.അന്ത്രു | 11.10.2018AN മുതൽ 19.2.2019വരെ |
| | | ശ്രീമതി. ജിത.എം.നായർ (അസിസ്റ്റന്റ് സെക്രട്ടറി), അധികചുമതല | 20.2.201 മുതൽ 31.3.2019വരെ |
| | | | |
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | : | ശ്രീമതി. ഖദീജബീവി.വി.എം | 01.04.2018 മുതൽ 31.7.2018 വരെ |
| | | ശ്രീമതി. റോസിലി തോമസ് | 01.08.2018 മുതൽ 15.9.2018 വരെ |
| | | ശ്രീമതി.ശോഭ ജെയിംസ് | 16.09.2018 മുതൽ 8.3.2019FN വരെ |
| | | ശ്രീമതി.സൂര്യ.ആർ | 8.03.2019AN മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീമതി. ജിത.എം.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | : | ശ്രീ. ചാക്കോച്ചൻ.വി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | : | ഡോ.സിന്ധുബാലൻ | 01.04.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | : | ഡോ.ജീന എസ്.മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | : | ഡോ. സജേഷ് മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | : | ഡോ. റുവാൻ സാം.വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി. കൃഷ്ണശോഭ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അഞ്ചൽപ്പെട്ടി | : | ശ്രീ. മോഹൻദാസ്.കെ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാമ്പാക്കട | : | ശ്രീമതി. നിഷ.പി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ | : | ശ്രീമതി. ബിന്ദുമോൾ.ടി | 01.04.2018മുതൽ |

| | | | |
|---|---|---|---|
| ഓഫീസർ ഓണക്കൂർ | | | 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | ശ്രീ.രാകേഷ്. എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. ജി.എൽ.പി.എസ്. പാമ്പാക്കുട | : | ശ്രീ.ഷാജി ജോൺ | 01.04.2018മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | മറ്റു വരവുകൾ - അരീക്കൽ ടൂറിസ്റ്റ് കേന്ദ്രം കളക്ഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 1-13 |
| 14 | ലൈസൻസ് ഇല്ലാതെ കോഴി ഫാമുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് | 1-14 |
| 15 | ആശ്രയ പദ്ധതി - പദ്ധതിപണം നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു | 1-15 |
| 16 | വെള്ളക്കരം കുടിശിക മൂന്ന് കോടിയിലധികം | 1-16 |
| 17 | തെരുവു വിളക്ക് പരിപാലനം | 1-17 |
| 18 | പാലിയേറ്റീവ് വാഹനത്തിന്റെ റിപ്പയർ ചെലവ് - മാനദണ്ഡം പാലിച്ചിട്ടില്ല. | 1-18 |
| 19 | സ്റ്റാക്ക് മെഷർമെന്റിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതിരുന്നതിനാൽ അധികചെലവ്. | 1-19 |
| 20 | എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്. | 1-20 |
| 21 | പെർഫോമൻസ് സെക്യൂരിറ്റി ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് മൂലം നഷ്ടം. | 1-21 |
| 22 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി -അപാകതകൾ | 1-23 |
| 24 | നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ തുടരുന്നു. | 1-24 |
| 25 | ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ -വിനിയോഗിക്കപ്പെടാതെ | 1-25 |

| | | |
|---|---|---|
| | തുകകൾ അവശേഷിക്കുന്നു. | |
| | ഭാഗം 2-ഇല്ല | |
| | ഭാഗം 3 | |
| 26 | സ്റ്റാക്ക് മെഷർമെന്റിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതിരുന്നതിനാൽ അധികചെലവ്. | 3-1 |
| 27 | പെർഫോമൻസ് സെക്യൂരിറ്റി ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് മൂലം നഷ്ടം. | 3-2 |
| | ഭാഗം 4 | |
| 28 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപം | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,69,79,000 | 9,95,22,000 |
| വാർഷിക കണക്ക് പ്രകാരം | 5,32,99,540 | 4,95,17,907 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 13.5.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 14.6.2019-15.6.19 | കെ.എസ്.എ- ഇ.കെ.എം(പിജി) 1227/(41)/2019/ 1.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42,59,940 |
| വരവ് | 5,32,99,540 |
| ആകെ | 5,75,59,480 |
| ചെലവ് | 4,95,17,907 |
| നീക്കിയിരിപ്പ് | 8041573 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | സർക്കാരിലേക്ക് തിരികെ | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 12044000 | 12044000 | 11153068 | 890932 | 92.60 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | 00 | 4426000 | 4426000 | 3796031 | 629969 | 85.70 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 00 | 151000 | 151000 | 151000 | 00 | 100 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 5211000 | 5211000 | 5211000 | 00 | 100 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 2780000 | 2780000 | 2602472 | 177528 | 93.61 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 00 | 5125000 | 5125000 | 4721443 | 403557 | 92.10 | 00 |
| ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 2678 | 636366 | 639044 | 634845 | 00 | 99.30 | 4199 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1036097 | 7257601 | 8293698 | 6854736 | 00 | 82.60 | 1438962 |
| ദുരിതാശ്വാസ നിധി | 15821 | 562 | 16383 | 00 | 00 | 00 | 16383 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സാക്ഷരത് | | 2172 | 76 | 2248 | 00 | 00 | 00 | 2248 |
| എസ്.എസ്.എ | | 82488 | 00 | 82488 | 00 | 00 | 00 | 82488 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 60705 | 1962580 | 2023285 | 1762580 | 00 | 87.10 | 260705 |
| | ജില്ലാ പഞ്ചാ യത്ത് | 71457 | 1683088 | 1754545 | 1130508 | 00 | 64.40 | 624037 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ICDS | 1562025 | 357400 | 1919425 | 564111 | 00 | 29.30 | 1355314 |
| | ടോട്ടൽ സാനി ട്ടേഷൻ | 111222 | 3944 | 115166 | 00 | 00 | 00 | 115166 |
| | ലൈഫ് മിഷൻ | 1000 | 39 | 1039 | 00 | 00 | 00 | 1039 |
| ബി ഫണ്ട് | | 00 | 124680 | 124680 | 124680 | 00 | 100 | 00 |
| SBI-CFC grant | | 00 | 5923 | 5923 | 00 | 00 | 00 | 5923 |
| തനത് ഫണ്ട് | | 1297326 | 15573477 | 16870803 | 12823613 | 00 | 63.91 | 4047190 |
| ക്യാഷ് (ഇ-പേയ്മെന്റ്) | | 16949 | 70970 | 87919 | 00 | 00 | 00 | 87919 |
| ആകെ | | 4259940 | 57413706 | 61673646 | 51530087 | 2101986 | 83.55 | 8041573 |

(ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിൽ ആർ.പി ഷെഡ്യൂളുകളിൽ ചേർത്തിട്ടുള്ള തുകയും ബി-4ഷെഡ്യൂളിൽ ചേർത്തിട്ടുള്ള തുകയും തമ്മിൽ 80584രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

വികസന ഫണ്ട്- പൊതുവിഭാഗം - 1019422 രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

പൊതുഉദ്ദേശ ഗ്രാന്റ് 992758 രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.)

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 136 | 49679600 | 104 | 34895722 | 24 | 8 | 76.40 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1. പൊതു ശ്മശാനം സ്ഥലം വാങ്ങൽ.

2.പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ

3. പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.

4. കാർഷിക വിപണന കേന്ദ്രം എയറോബിക് കംപോസ്റ്റ് യൂണിറ്റ് നിർമ്മാണം

5. വനിതാ വിശ്രമ കേന്ദ്രം

6. പഞ്ചായത്ത് ഓഫീസിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ

7. തെരുവ് ടാപ്പ് വെള്ളക്കരം അടക്കൽ

8. കല്ലിൽതാഴം കുളിക്കടവ് അറ്റകുറ്റപ്പണി.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2678 | 636366 | 639044 | 634845 | 4199 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 31290708 | 31290708 | 31290708 | 00 |
| ആകെ | 2678 | 31927074 | 31929752 | 31925553 | 4199 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47080 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 2514800 | 598 |
| വിധവാപെൻഷൻ | 7568800 | 1776 |
| വാർദ്ധക്യകാലപെൻഷൻ | 19268000 | 4292 |
| വികലാംഗപെൻഷൻ | 2937900 | 675 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 569500 | 137 |
| നെല്ലുൽപാദക ബോണസ്സ് | 77600 | 108 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2019ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14430/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും വിശദാംശങ്ങൾ എഴുതി പൂർത്തിയാക്കിയിട്ടില്ല.

2.മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുകയോ തീയതി രേഖപ്പെടുത്തി കൈപ്പറ്റ് രസീത് വാങ്ങുകയോ ചെയ്യുന്നില്ല.

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ പലതിലും നികുതി ഒടുക്കുന്ന വ്യക്തികളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സ്ഥാപന തൊഴിൽ നികുതി അടക്കാത്തതെന്ന് നിരീക്ഷിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.

5.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2019 | 1.11.19— 30.11.19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 11.6.2009 | 2004-05- 2008-09 | 20.7.2009 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി) 1227/(41)/2019/ 1.8.2019നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-13 അരീക്കൽ ടൂറിസ്റ്റ് കേന്ദ്രം കളക്ഷൻ

# മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

പാമ്പാക്കുട ഗ്രാമ പഞ്ചായത്തിലെ അരീക്കൽ ടൂറിസ്റ്റ് കേന്ദ്രമായ അരീക്കൽ വെള്ളച്ചാട്ടത്തിന്റെ യൂസർ ഫീ പിരിക്കുന്നത് സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടൂറിസ്റ്റ് കേന്ദ്രമായ വെള്ളച്ചാട്ടത്തിന്റെ യൂസർ ഫീ പിരിക്കുന്നതിനായി രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യു ചെയ്തിട്ടുണ്ട്. എന്നാൽ യൂസർ ഫീസ് പിരിച്ചത് സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല. പ്രതിദിനം പിരിച്ച തുകയുടെ കൃത്യത മനസ്സിലാക്കാൻ ഇതുകാരണം കഴിയുന്നില്ല.

2. ഗ്രാമ പഞ്ചായത്തിന്റെ രസീതുകൾ ഉപയോഗിച്ച് പിരിക്കുന്ന തുകകൾ യഥാസമയം (തൊട്ടടുത്ത പ്രവൃത്തി ദിനം) ഗ്രാമ പഞ്ചായത്തിൽ അടയ്ക്കുന്നില്ല.

മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 10 രൂപയുടെ പാസ്സുകൾ ഉൾപ്പെടുന്ന ബുക്കുകളാണ് യൂസർ ഫീസ് പിരിക്കുന്നതിന് ഉപയോഗിക്കുന്നതെന്നും 26-12-2019 മുതൽ കളക്ഷൻ രജിസ്റ്റർ എഴുതി തുടങ്ങിയതായും, 26-12-2019 മുതൽ തന്നെ പിരിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് തുടങ്ങിയതായും അറിയിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 7 പ്രകാരം പിരിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ആയതിനാൽ ഗ്രാമ പഞ്ചായത്തിലേക്കുള്ള വരവുകൾ പിരിക്കുന്ന കാര്യത്തിലും ആയത് മാനദണ്ഡ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവ് വരുത്തുന്നതിനും ജാഗ്രത പാലിക്കേണ്ടതാണ്.

# 1-14 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കോഴി ഫാമുകൾ

1. ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ ആകെ 7 കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ വ്യവസായ ആവശ്യത്തിനുള്ളവ – കൈത്തറി ഷെഡ്,കയർപിരി ഷെഡ് എന്ന ഇനത്തിൽ 95 സ്ഥാപനങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. കോഴി വളർത്തൽ ഷെഡുകളും ഈ ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത് . പരിശോധനയിൽ സഞ്ചയ പ്രകാരം നമ്പർ നൽകിയ കോഴി വളർത്തൽ ഷെഡിന് 2018-19 ൽ ഗ്രാമ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം/ വാർഡ് | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം | നികുതി നിർണ്ണയം നടത്തിയ വർഷം | 2018-19 ൽ നികുതി അടച്ചതിന്റെ വിവരം |
|---|---|---|---|---|
| 406-B / 1 | ജയന്തിമനോജ്, ആനന്ദ മന്ദിരം | 232 | 2016 | 731+731= 1462/- രസീത് നം. 118110103531 /07-01-2019 |

മേൽ വിവരിച്ച കോഴി ഫാം പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയതായി രേഖകളിൽ ഇല്ല. വസ്തു നികുതി യഥാസമയം പിരിക്കുകയും എന്നാൽ ലൈസൻസ് എടുക്കാതെ കോഴി ഫാം പ്രവർത്തിക്കുകയും ചെയ്യുന്നു.

2. 2017-18 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയ 5 കോഴി ഫാമുകൾക്ക് 2018-19 വർഷം ലൈസൻസ് നൽകിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് എടുത്തയാളുടെ പേര് | കെട്ടിട നം./ ലൈസൻസ് രജിസ്റ്റർ പേജ് | 2017-18ൽ ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | മറിയാമ്മ പൗലോസ് | 10/174 – A/11 | 200 |
| 2 | പ്രകാശ് .പി.കെ. | 7/45-A /11 | 200 |
| 3 | ജോൺ പി.കെ. | 6/105 -B /11 | 250 |
| 4 | ബിന്ദു കുര്യാക്കോസ് | 12/113-A /11 | 200 |
| 5 | M.C.പൗലോസ് | 6/135 A/29 | 250 |
| 6 | പോൾ വറുഗീസ് (സാബു) | 12/285-A/31 | 250 |

ഇപ്രകാരം മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്ത കോഴിഫാമുകൾ 2018-19 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/28-12-2019 ന് ലഭ്യമാക്കിയ മറുപടിയിൽ, എൻക്വയറിയുടെ അടിസ്ഥാനത്തിൽ 2018-19 ൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച 6 കോഴിഫാം ഉടമകൾക്കും ഫൈൻ അടച്ച് ലൈസൻസ് പുതുക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കോഴി ഫാമുകൾ സംബന്ധിച്ച് വേണ്ടത്ര സ്ഥലപരിശോധന നടത്താത്തതാണ് ഇപ്രകാരം സംഭവിക്കുന്നത്. പൊതുജനങ്ങളിൽ നിരവധി സാംക്രമിക രോഗങ്ങൾക്കും, ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകാവുന്ന ഇത്തരം സ്ഥാപനങ്ങൾ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതും , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയ്ക്കെതിരെ യഥാസമയം നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ആശ്രയ പദ്ധതി - പദ്ധതിപണം നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു

ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി, പദ്ധതി വിഹിതത്തിൽ നിന്നും ആശ്രയ അക്കൗണ്ടിലേക്ക് (നമ്പർ 67058556746) 2008 -ൽ നല്കിയ 107500/- രൂപ നാളിതുവരെയും വിനിയോഗിച്ചിട്ടില്ല. പ്രസ്തുത തുക ഇപ്പോഴും നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു. വിശദീകരണത്തിൽ, മെമ്പർ സെക്രട്ടറിമാർ തുടർച്ചയായി മാറിമാറി വന്നതിനാലാണ് തുക ചെലവഴിക്കപ്പെടാതിരുന്നതെന്നാണ് സി.ഡി.എസ്. ചെയർപേഴ്സൺ വാക്കാൽ അറിയിച്ചത്. ആയത് യുക്തിസഹമല്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് സി.ഡി.എസ് ചെയർപേഴ്സൺ ഓഡിറ്റ് വേളയിൽതന്നെ നടത്തിയ സർവ്വേ പ്രകാരം കുടിവെള്ളം ലഭ്യമല്ലാത്ത 37 അഗതികുടുംബങ്ങൾ ഇപ്പോഴും അവശേഷിക്കുന്നതായി കാണുന്നു. നിഷ്ക്രിയ നിക്ഷേപമായി തുടരുന്ന പദ്ധതിപണം അഗതികളുടെ ഉന്നമനത്തിന് ഉചിതമായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-16 വെള്ളക്കരം കുടിശിക മൂന്ന് കോടിയിലധികം

2018- 19 വർഷത്തെ പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച പഞ്ചായത്തിന്റെ ചെലവുകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബിൽ നമ്പരും തീയതിയും | തുക |
|---|---|---|---|
| 1 | 2018 ഏപ്രിൽ മാസത്തെ വെള്ളക്കരം തുക | 58/18-19, 18.04.2018 | 160125 |
| 2 | 2018 മെയ് മാസത്തെ വെള്ളക്കരം തുക | 161/18-19, 23.05.2018 | 160125 |
| 3 | 2018 ജൂൺ മാസത്തെ വെള്ളക്കരം തുക | 240/18-19, 23.06.2018 | 160125 |
| 4 | 154 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക | 296/18-19, 07.07.2018 | 380000 |
| 5 | 2018 ജൂലൈ മാസത്തെ വെള്ളക്കരം തുക | 321/18-19, 17.07.2018 | 160125 |
| 6 | 2018 ആഗസ്റ്റ് മാസത്തെ വെള്ളക്കരം തുക | 445/18-19, 21.08.2018 | 160125 |
| 7 | 2018 സെപ്റ്റംബർ മാസത്തെ വെള്ളക്കരം തുക | 513/18-19, 15.09.2018 | 160125 |
| 8 | 2018 ഒക്ടോബർ മാസത്തെ വെള്ളക്കരം തുക | 601/18-19, 20.10.2018 | 160125 |
| 9 | 2018 നവംബർ മാസത്തെ വെള്ളക്കരം തുക | 709/18-19, 28.11.2018 | 160125 |
| 10 | 2018 ഡിസംബർ മാസത്തെ വെള്ളക്കരം തുക | 781/18-19, 20.12.2018 | 160125 |
| 11 | 2019 ജനുവരി മാസത്തെ വെള്ളക്കരം തുക | 862/18-19, 23.01.2019 | 109375 |
| 12 | 2019 ഫെബ്രുവരി മാസത്തെ വെള്ളക്കരം തുക | 932/18-19, 26.02.2019 | 92750 |
| 13 | 2019 മാർച്ച് മാസത്തെ വെള്ളക്കരം തുക | 1033/18-19, 18.03.2019 | 92750 |
| 14 | വാട്ടർ അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശിക തുകയിൽ ഉറവിടത്തിൽ കുറവു ചെയ്ത തുക (പ്രോജക്ട് നമ്പർ 155 / 19) | ഉറവിടത്തിൽ കുറവു ചെയ്ത തുക | 1019422 |

29.06.2018 തീയതിയിലെ 3(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 154 സ്ട്രീറ്റ് ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് 07.07.2018 തീയതിയിൽ 3,80,000 രൂപ നല്കിയിട്ടുണ്ട്. എന്നാൽ അതനുസരിച്ചുള്ള കുറവ് വെള്ളക്കരം ഇനത്തിൽ വന്നിരിക്കുന്നത് ഫെബ്രുവരി 2019 മുതൽ മാത്രമാണ്. ടാപ്പുകൾ വിച്ഛേദിച്ച തീയതി ഓഡിറ്റിനെ അറിയിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്ന് അറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ14, തീയതി.23.12.2019) പഞ്ചായത്ത് സമർപ്പിച്ച മറുപടി, എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് വന്ന കാലതാമസം മൂലമാണ് പൈപ്പുകൾ വിച്ഛേദിക്കുന്നതിന് കാലതാമസം വന്നതെന്നും, ടാപ്പുകൾ വിച്ഛേദിച്ച തീയതി വ്യക്തമാക്കി കത്ത് നല്കുവാൻ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നുമാണ്.

വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 07.07.2018 തീയതിയിൽ അടവാക്കിയ 3,80,000 രൂപയിൽ, 16.04.2018 തീയതിയിലെ ജി.ഒ.(പി) 1069/2018 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതില്ലെന്നറിയിച്ച 2.5ശതമാനം സെന്റേജ് ചാർജ്, 8311 രൂപ അടങ്ങിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3,80,000 രൂപ വാട്ടർ അതോറിറ്റിക്ക് നല്കിയതിനെ തുടർന്ന് 154 ടാപ്പുകൾ വിച്ഛേദിച്ചതിന് ശേഷം 217474 രൂപ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നുണ്ടെന്ന് 29.10.2019 തീയതിയിലെ കത്ത് മുഖേന എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചിരുന്നു. അതിനെ തുടർന്ന് 59 ടാപ്പുകൾ കൂടെ വിച്ഛേദിക്കുന്നതിനായി 101000 രൂപ മിച്ചം നിൽക്കുന്ന 217474 രൂപയിൽ നിന്ന് ക്രമീകരിക്കണമെന്നും ബാക്കിയുള്ള 116474 രൂപ തിരികെ പഞ്ചായത്തിന് ലഭ്യമാക്കണമെന്നും 19.12.2019 തീയതിയിൽ എ3-5400/19 നമ്പർ കത്ത് മുഖേന പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്ററിൽ 12/2018, 08/2019 എന്നീ മാസങ്ങളിലെ ഡിമാന്റ്, അടവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതാണ്.

13.12.2019 തീയതിയിൽ 39421 നമ്പർ ഡിമാന്റ് നോട്ടീസ് മുഖേന വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം, 2019 നവംബർ മാസം 30 -ാം തീയതി വരെയുള്ള കുടിശിക 2,96,28,297 രൂപയും, ഫൈൻ ഇനത്തിലുള്ള 5,80,506 രൂപയും, ഡിസംബർ മാസത്തിൽ അടവാക്കേണ്ട വെള്ളക്കരം 92,750 രൂപയും ഉൾപ്പെടെ ആകെ 3,03,01,553 രൂപ പഞ്ചായത്ത് അടവാക്കാനുണ്ട്. ഇത്രയും ഭീമമായ തുക വെള്ളക്കരമിനത്തിൽ അടവാക്കാനുള്ളത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി പ്രത്യേകയോഗം കൂടി ചർച്ച ചെയ്യേണ്ടതും ഇതുസംബന്ധിച്ച് പരിഹാരം കണ്ടെത്തേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 1-17 തെരുവു വിളക്ക് പരിപാലനം

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | എസ് – 113 / 2019, തെരുവു വിളക്ക് പരിപാലനം |
| ചെലവു തുക, ഫണ്ടിനം | 125510 രൂപ (വികസന ഫണ്ട് (ജനറൽ) |
| ട്രഷറി ബിൽ നമ്പരും തീയതിയും | 69118 രൂപ, 27 / 18-19, തീയതി.15.03.19<br>56392 രൂപ, 31 / 18-19, തീയതി.22.03.19 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽക്കാണിച്ചിരിക്കുന്ന പ്രോജക്ട് പ്രകാരം തെരുവു വിളക്കുകളുടെ പരിപാലനത്തിന് ടെണ്ടർ ക്ഷണിച്ചതിൽ (ടെണ്ടർ നോട്ടീസ് നമ്പർ എ2-412/18, തീയതി.09.10.2018) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.കെ.വി.സ്കറിയയുടെ ക്വട്ടേഷൻ താഴെപ്പറയുന്ന നിരക്കിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | യൂണിറ്റ് | പരിപാലനത്തിനുള്ള നിരക്ക് |
|---|---|---|
| 15W CFL Single | 1 | 680 |
| 15W CFL Single | 1 | 600 |
| 9W CFL Single | 1 | 590 |

പഞ്ചായത്തിലെ 13 വാർഡുകളിലെ 27 വീതം 9W CFL Single ലൈറ്റുകൾ (590 രൂപ നിരക്കിൽ) പരിപാലിക്കുന്നതിനാണ് ഈ പ്രോജക്ടിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി

ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. പ്രോജക്ട് രൂപീകരണ ഫോറം 2 ൽ 42 –ാം ക്രമ നമ്പരിൽ പ്രോജക്ടിന്റെ അധിക വിവരമായി രേഖപ്പെടുത്തിയിരിക്കുന്നത് തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എ.എം.സി. വഴി നടപ്പാക്കുകയെന്നാണ്. എന്നാൽ, ഏതൊക്കെ തെരുവു വിളക്കുകളുടെ പരിപാലനമാണ് ഇപ്രകാരം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് കൃത്യതയോടെ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 13 വാർഡുകളിലും 27 വീതം CFL ലൈറ്റുകൾ വാങ്ങി പ്രവൃത്തി ചെയ്ത് തീർത്തിട്ടുള്ളതാണെന്നും അതിനാൽ 590 രൂപ നിരക്കിൽ ആകെ 207090 രൂപ നല്കുവാൻ നടപടി സ്വീകരിക്കണമെന്നും കാണിച്ച് 21.01.2019 തീയതിയിൽ കരാറുകാരൻ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്. വിവിധ വാർഡുമെമ്പർമാർ അവരുടെ വാർഡുകളിൽ ലൈറ്റുകൾ ശരിയാക്കി എന്ന് ലെറ്റർപാഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ ലൈറ്റുകളുടെ വിവരം (ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ) രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-4,തീയതി 23.12.2019) ഇനിമുതൽ ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ സഹിതം വാർഡ് മെമ്പർമാരിൽ നിന്നും വിവരം ശേഖരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പരാതി രജിസ്റ്ററിൽ 01.10.2018 തീയതിയിൽ ശ്രീ.കെ.ഗിരിജൻ 1-ാം വാർഡിൽ നെയ്ത്തുശാലപ്പടിയിൽനിന്നും ഊരമനയ്ക്ക് പോകുന്ന റോഡിൽ തെരുവു വിളക്ക് ഇല്ലാതായിട്ട് വളരെ നാളുകളായെന്ന് പരാതിപ്പെട്ടത്, നിലവിലും പരിഹരിക്കപ്പെട്ടതായി രേഖപ്പെടുത്തലില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -4, തീയതി 23.12.2019) പ്രസ്തുത പരാതി പരിഹരിച്ചതായി വാർഡ് മെമ്പർ പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടിലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പരാതിക്ക് ആ രജിസ്റ്ററിൽ തന്നെ സ്വീകരിച്ച നടപടി രേഖപ്പെടുത്തേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

4. ഇലക്ട്രിക്ക് പോസ്റ്റിൽ കയറി റിപ്പയർ പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ ജോലിക്കാരുടെ പേരിലുള്ള ഇൻഷ്വറൻസ് പോളിസികളുടെ പകർപ്പ് കരാറുകാരനിൽ നിന്നും ലഭ്യമാക്കി ഫയലിൽ ഉള്ളടക്കം ചെയ്യേണ്ടതും, ഇൻഷ്വറൻസ് പോളിസികളുടെ കാലാവധി പ്രോജക്ട് അവസാനിക്കുന്ന തീയതിവരെ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞിട്ടുള്ള അപാകതകൾ പൂർണ്ണമായി പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 പാലിയേറ്റീവ് വാഹനത്തിന്റെ റിപ്പയർ ചെലവ് - മാനദണ്ഡം പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പാലിയേറ്റീവ് വാഹനത്തിന് (KL 17 B 8712 Maruthi Omni) റിപ്പയർ നടത്തിയ വകയിൽ 27-06-2018ൽ 10621 (9971+650) രൂപ ചെലവായിട്ടുണ്ട്. വാഹനത്തിന്റെ ഡ്രൈവർ സമർപ്പിച്ച അപേക്ഷ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് (എം.എസ്.)170/07 ത.സ്വ.ഭ.വ. 30.06.2007 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. മേൽ ഉത്തരവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വാഹനങ്ങളുടെ റിപ്പയറിംഗിന് പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വാഹനത്തിന് എന്തൊക്കെ ജോലികൾ ചെയ്യാനുണ്ട് എന്നതിന് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ജോലികൾ ചെയ്യുകയാണ് ഉണ്ടായത്. ഇപ്രകാരം മാനദണ്ഡം പാലിക്കാതെ

വാഹനത്തിന്റെ റിപ്പയർ നടത്തിയതിന് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. വാഹനങ്ങളുടെ പരിപാലനത്തിൽ മേൽ വിവരിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. വാഹനത്തിന് റിപ്പയറിംഗ് ആവശ്യമായി വരുമ്പോൾ വിശമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം വാഹനത്തിന്റെ റിപ്പയർ നടത്തേണ്ടതാണ്.

# 1-19 സ്റ്റാക്ക് മെഷർമെന്റിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതിരുന്നതിനാൽ അധികചെലവ്.

1.ഓലിക്കതണ്ടേൽ കോളനി റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 67/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 7,50,000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | സജി.ടി.ജേക്കബ് |
| അളവ് പുസ്തകം | 7,8/18-19 |
| ബിൽ നമ്പർ | 33/28.12.18- 697204 |

ഓലിക്കതണ്ടേൽ കോളനി റോഡ് റീ ടാറിംഗ് - എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 14 പ്രകാരം രണ്ടാമിനമായി 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ 18.36$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 16.98$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$ നിരക്കിൽ ഒന്നാമിനം പ്രവൃത്തി ചെയ്യാവുന്നത് 188.7$m^2$ മാത്രമാണ്. എന്നാൽ പുറം 9 പ്രകാരം 198.02$m^2$ ചെയ്തതായി രേഖപ്പെടുത്തി 333/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 9.32$m^2$ന്,

(198.02$m^2$-188.7$m^2$), 333/$m^2$ നിരക്കിൽ നൽകിയ 3104/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ഇലവുംചുവട്- മേമ്മുറിപ്പാടം റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 102/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 5,20,000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | എം.സി.രാജൻ |
| അളവ് പുസ്തകം | 54/17-18 |
| ബിൽ നമ്പർ | 24/24.7.18- 270140<br>26/30.7.18 - 248931 |

ഇലവുംചുവട്- മേമ്മുറിപ്പാടം റോഡ് റീ ടാറിംഗ് - എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 10 പ്രകാരം ഒന്നാമിനമായി 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ 17.6$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 16.28$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$നിരക്കിൽ ഒന്നാമിനം പ്രവൃത്തി ചെയ്യാവുന്നത് 180.88$m^2$ മാത്രമാണ്. എന്നാൽ പുറം 10 പ്രകാരം 190.56$m^2$ ചെയ്തതായി രേഖപ്പെടുത്തി 340.80/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 9.68$m^2$ന്, (190.56$m^2$-180.88$m^2$), 340.80/$m^2$ നിരക്കിൽ 3299/-രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ രണ്ടാമിനമായി ടാക്ക് കോട്ട് 1905.78$m^2$ ചെയ്തതിന് 19.6/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഒന്നാമിനം പ്രവൃത്തിയുടെ അനുവദനീയമായ അളവ് 180.88$m^2$ ആണെന്നിരിക്കെ ടാക്ക് കോട്ട് ചെയ്യാവുന്ന അളവ് 1808.8$m^2$ മാത്രമാണ്. ആയതിനാൽ അധികം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 96.98$m^2$ ന് 19.6/$m^2$ നിരക്കിൽ നൽകിയ 1900/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ചവരുകുളങ്ങര കടലുങ്കൽ റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 72/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 400,000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | സാബു.കെ.എ |
| അളവ് പുസ്തകം | 46, 36/17-18 |
| ബിൽ നമ്പർ | 53/12.3.19- 43313 (പാർട്ട് ബിൽ) |

ചവരുകുളങ്ങര കടലുങ്കൽ റോഡ് റീ ടാറിംഗ്-- എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം ഒന്നായി അളവ് പുസ്തകം 46/18-19 പുറം 13 പ്രകാരം 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ 12.6$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 11.65$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$നിരക്കിൽ ഈയിനം പ്രവൃത്തി ചെയ്യാവുന്നത് 129.58$m^2$ മാത്രമാണ്. എന്നാൽ പുറം 13 പ്രകാരം 187.14$m^2$ ചെയ്തതായി രേഖപ്പെടുത്തി 340.80/m2 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 57.56$m^2$ന്, (187.14$m^2$-129.58$m^2$), 340.80/$m^2$ നിരക്കിൽ നൽകിയ 19616/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/24.12.19) ലഭ്യമാക്കിയ മറുപടിയിൽ മൂല്യനിർണ്ണയം നടത്തുന്നതിന് സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തേണ്ട ആവശ്യമില്ലാ എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അളവ് പുസ്തകത്തിൽ

രേഖപ്പെടുത്തിയ അളവുകൾ ആധികാരികമാണെന്നിരിക്കെ പ്രസ്തുത അളവ് മെറ്റീരിയൽ മാത്രമേ പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുണ്ടാകൂ എന്നതിനാൽ മേൽ സൂചിപ്പിച്ചവിധം അധികം പ്രവൃത്തി ചെയ്യുവാൻ സാധിക്കില്ല എന്നതിനാൽ അധിക ചെലവ് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-20 എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിയില്ല- അധികചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 77/19 അങ്കണവാടി 99 കെട്ടിടം അധിക സൗകര്യമേർപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 170,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അളവ് പുസ്തകം | 3/18-19 |
| ബിൽ നമ്പർ | 31/30.11.18- 113251<br>32/30.11.18 - 55000 |

അങ്കണവാടി 99 കെട്ടിടം അധിക സൗകര്യമേർപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുസരിച്ച് അഞ്ചാമിനമായി പ്രൊവൈഡിംഗ് & ഫിക്സിംഗ് അലൂമിനിയം ട്രഫോർഡ് ഷീറ്റ് 78.913$m^2$ ചെയ്യുന്നതിനാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2111 അനുസരിച്ച് എഗ്രീഡ് ക്വോണ്ടിറ്റിയേക്കാൾ 25% വരെ അധികം അനുവദിക്കാവുന്നതാണ്. ഇത് പ്രകാരം 98.641$m^2$ വരെ ഈയിനം പ്രവൃത്തി അനുവദിക്കാവുന്നതാണ്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ തന്നെ 108.98$m^2$ ചെയ്തതിന് 748.89/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി തുക നൽകിയിട്ടുള്ളതായി കാണുന്നു. അതായത് 10.34$m^2$ ന് (108.98$m^2$- 98.641$m^2$), 7712 രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (8/24.12.19) ലഭ്യമാക്കിയ മറുപടിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതാണെന്നും അത് പ്രകാരമാണ് തുക നൽകിയതെന്നുമാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിന് വിധേയമായി അധികം നൽകിയ 7712 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-21 പെർഫോമൻസ് സെക്യൂരിറ്റി ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് മൂലം നഷ്ടം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അളവ് പുസ്തകം | 59/17-18 |
| ബിൽ നമ്പർ | 30/11.10.18- 231214 (പാർട്ട് ബിൽ) |

താനത്ത് പൊമ്മിക്കരമോളേൽ റോഡ് പാർശ്വ സംരക്ഷണം- എന്ന പ്രവൃത്തിയുടെ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഒന്നാം ഭാഗിക ബിൽ നൽകിയപ്പോൾ 2.5% തുക പെർഫോമൻസ് സെക്യൂരിറ്റിയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ട (237143x2.5%), 5929/-രൂപ ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് ബാക്കി തുകമാത്രം പിൻവലിച്ചതിനാൽ 5929/-രൂപ സാമ്പത്തിക വർഷാവസാനം ഫണ്ട് ലാപ്സായ മുറയ്ക്ക് പഞ്ചായത്തിന് നഷ്ടമായതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/24.12.19) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതി തൻവർഷം പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ കരാറുകാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക നൽകുവാൻ സാധിക്കാതെ വരുമെന്നതിനാൽ ബാധ്യത ഉത്തരവാദിയായ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-22 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാതെ, നിയമാനുസരണം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷിക്കുകയോ, കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്യാതിരുന്നിട്ടും സർക്കാർ ഉത്തരവ് 13/2012/പി.ഡബ്ല്യൂ.ഡി/ 1.2.2012 സെക്ഷൻ 2116.1 പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാർ തുക | കരാറുകാരൻ | എഗ്രിമെന്റ് തീയതി | പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|---|
| 1 | 180/19 കിരാതമംഗലം അർക്കടക്കുന്ന് റോഡ്-പാർശ്വ ഭിത്തി അറ്റകുറ്റപ്പണി | 120087 | എം.സി.രാജൻ | 27.3.2018 | 26.9.2018 | 21.1.2019 | 16 ആഴ്ച | 1921 (1.6%) |
| 2 | 91/19 പാമ്പാക്കുട കൃഷിഭവൻ വിത്ത് സ്റ്റോർ നിർമ്മാണം | 200000 | റെജി കാട്ടുപുറത്ത് | 31.3.2017 | 30.9.2017 | 5.3.2018 | 22ആഴ്ച | 4400 (2.2%) |
| 3 | 104/19 പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം | 45648 | ബേസിൽ കെ.ഡേവിസ് | 1.11.17 | 31.7.18 | 16.1.2019 | 24ആഴ്ച | 1096 (2.4%) |
| ആകെ | | | | | | | | 7417 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (6/24.12.19) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

2018-19 ലെ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1.വാർഡ് 4 ലെ 1608009004/WC/331258 എന്ന പ്രവൃത്തിയുടെ (അരീക്കൽ നീർത്തട പരിപാലനം – മണ്ണ് ജല സംരക്ഷണ പ്രവൃത്തി കൊച്ചരിക്കൽ മുതൽ ശൂലം ഭാഗം വരെ) മസ്റ്റർ റോൾ നമ്പർ 9192 പ്രകാരം ശ്രീമതി. ഭാനു കുഞ്ഞായി (രജി. നമ്പർ കെ.എൽ 08-009-004-004/5) എന്ന വ്യക്തി 22,12.18, 23.12.18 എന്നീ രണ്ട് ദിവസങ്ങളിൽ ജോലി ചെയ്തതിന് 542 രൂപ നല്കേണ്ടതുണ്ട്. എന്നാൽ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിരിക്കുന്ന രേഖകൾ പരിശോധിച്ചതിൽ മസ്റ്റർ റോൾ നമ്പർ 9192 പ്രകാരം പ്രസ്തുത വ്യക്തിക്ക് 4 ദിവസത്തെ കൂലിയായി 1084 രൂപ നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17, തീയതി.28.12.2019) വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തപ്പോൾ തെറ്റ് പറ്റിയതാണെന്നും അധികമായി നല്കിയ 542 രൂപ തിരികെ ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.വിവിധ വർക്കുകളുടെ പൂർത്തീകരണത്തിനുശേഷം ഡിസ്പ്ലെ ബോർഡ് വെയ്ക്കുന്നതിനായി സാധാരണ വർക്കുകളിൽ 3000 രൂപയും റോഡ് വർക്കുകൾക്ക് 5000 രൂപയുമാണ് നല്കിയിരിക്കുന്നത്. എല്ലാ വർക്കുകൾക്കും ഡിസ്പ്ലെ ബോർഡ് ആവശ്യമാണ് എന്നതിനാൽ ഇതിനായി ടെണ്ടർ ക്ഷണിച്ച് വിതരണക്കാരനെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17, തീയതി.28.12.2019) 2018-19 വർഷം ടെണ്ടർ ഇല്ലാതെ വിവിധ വർക്കുകളുടെ ബോർഡ് സ്ഥാപിക്കുന്നതിന് ഓർഡർ നല്കിയെന്നും, 2019-20 ടെണ്ടർ നടപടി ക്രമത്തിലൂടെ ഡിസ്പ്ലെ ബോർഡ് വെയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ശ്രദ്ധയോടെ വാങ്ങൽ നടപടികൾ നടത്തേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

3.വിവിധ വർക്കുകളുടെ സാധന സാമഗ്രികളുടെ വിതരണവും ഫോം വർക്കും നടത്തുന്നതിനായി കരാറുകാരനെ ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ട് ടിയാളുമായി ഓരോ വർക്കിന്റെയും സാധന സാമഗ്രികളുടെ വിതരണം സംബന്ധിച്ച് പ്രത്യേകം കരാർ വെയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. കരാറുകാരനിൽ നിന്നും ആകെ വിതരണം ചെയ്ത സാധനങ്ങളുടെ തുക കണക്കാക്കി, ബാധകമായ നിരക്കിലുള്ള ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഈ അപാകതയും പരിഹരിക്കേണ്ടതാണ്.

4.പല വർക്കുകളിലും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതായി കാണുന്നു. ഫോട്ടോകൾ ഫയലിൽ ഉള്ളടക്കം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം SBT- SSAഎന്നപേരിൽ (A/c. 67024280459) സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ പോലും ലഭിക്കാതെ നിഷ്ക്രിയമായി തുടരുന്നതായി കാണുന്നു. തൻവർഷം മുന്നിരിപ്പായുണ്ടായിരുന്ന 82488 രൂപ തന്നെ നീക്കിയിരിപ്പായി കാണുന്നു. ഈ അക്കൗണ്ട് കെ.വൈ.സി നൽകി ആക്റ്റിവേറ്റ് ചെയ്യേണ്ടതും തുടരേണ്ടതില്ലാത്തതാണെങ്കിൽ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-25 ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ -വിനിയോഗിക്കപ്പെടാതെ തുകകൾ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2014-15ൽ എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്ന പദ്ധതിക്കായി ലഭിച്ച 60705/-രൂപയും 2016-17 ൽ ജില്ലാപഞ്ചായത്തിൽ നിന്നും ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ലഭിച്ച 71457/-രൂപയും ചെലവഴിക്കപ്പെടാതെ മുന്നിരിപ്പ് എന്നപേരിൽ ക്യാരി ഓവർ ചെയ്തുപോരുന്നതായി കാണുന്നു. ആയത് പരിശോധിച്ച് ചെലവഴിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ അല്ലാത്തപക്ഷം തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 സ്റ്റാക്ക് മെഷർമെന്റിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതിരു ന്നതിനാൽ അധികചെലവ്.

1.ഓലിക്കതണ്ടേൽ കോളനി റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 67/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 7,50,000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | സജി.ടി.ജേക്കബ് |
| അളവ് പുസ്തകം | 7,8/18-19 |
| ബിൽ നമ്പർ | 33/28.12.18- 697204 |

ഓലിക്കതണ്ടേൽ കോളനി റോഡ് റീ ടാറിംഗ്- എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 14 പ്രകാരം രണ്ടാമിനമായി 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ 18.36$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 16.98$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$ നിരക്കിൽ ഒന്നാമിനം പ്രവൃത്തി ചെയ്യാവുന്നത് 188.7$m^2$ മാത്രമാണ്. എന്നാൽ പുറം 9 പ്രകാരം 198.02$m^2$ ചെയ്തതായി

രേഖപ്പെടുത്തി 333/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 9.32$m^2$ന്, (198.02$m^2$-188.7$m^2$), 333/$m^2$ നിരക്കിൽ നൽകിയ 3104/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ഇലവുംചുവട്- മേമ്മുറിപ്പാടം റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 102/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 5,20,000 മെയിന്റ്നൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | എം.സി.രാജൻ |
| അളവ് പുസ്തകം | 54/17-18 |
| ബിൽ നമ്പർ | 24/24.7.18- 270140<br>26/30.7.18 - 248931 |

ഇലവുംചുവട്- മേമ്മുറിപ്പാടം റോഡ് റീ ടാറിംഗ്- എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 10 പ്രകാരം ഒന്നാമിനമായി 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ 17.6$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ 12.3.2018 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 16.28$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$നിരക്കിൽ ഒന്നാമിനം പ്രവൃത്തി ചെയ്യാവുന്നത് 180.88$m^2$ മാത്രമാണ്. എന്നാൽ പുറം 10 പ്രകാരം 190.56$m^2$ ചെയ്തതായി രേഖപ്പെടുത്തി 340.80/m2 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 9.68$m^2$ന്, (190.56$m^2$-180.88$m^2$), 340.80/$m^2$ നിരക്കിൽ 3299/-രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ രണ്ടാമിനമായി ടാക്ക് കോട്ട് 1905.78$m^2$ ചെയ്തതിന് 19.6/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഒന്നാമിനം പ്രവൃത്തിയുടെ അനുവദനീയമായ അളവ് 180.88$m^2$ ആണെന്നിരിക്കെ ടാക്ക് കോട്ട് ചെയ്യാവുന്ന അളവ് 1808.8$m^2$ മാത്രമാണ്. ആയതിനാൽ അധികം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള 96.98$m^2$ന് 19.6/$m^2$ നിരക്കിൽ നൽകിയ 1900/- രൂപ കാണുന്നു. നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ചവറുകുളങ്ങര കടലുങ്കൽ റോഡ് റീ ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 72/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 400,000 മെയിന്റ്നൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | സാബു.കെ.എ |
| അളവ് പുസ്തകം | 46, 36/17-18 |
| ബിൽ നമ്പർ | 53/12.3.19- 43313 (പാർട്ട് ബിൽ) |

ചവറുകുളങ്ങര കടലുങ്കൽ റോഡ് റീ ടാറിംഗ്- എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം ഒന്നായി അളവ് പുസ്തകം 46/18-19 പുറം 13 പ്രകാരം 75mm പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിനായി 40mm മെറ്റൽ

12.6$m^3$ സ്റ്റാക്ക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് കുറവു ചെയ്യുന്നതിനായി 7.5% കുറച്ചാൽ പ്രവൃത്തി ചെയ്യുന്നതിന് ലഭ്യമാകുന്ന 40mm മെറ്റലിന്റെ അളവ് 11.65$m^3$ മാത്രമാണ്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.36.1 പ്രകാരം 0.90/10$m^2$ നിരക്കിൽ ഈയിനം പ്രവൃത്തി ചെയ്യാവുന്നത് 129.58$m^2$ മാത്രമാണ്. എന്നാൽ പുറം 13 പ്രകാരം 187.14$m^2$ ചെയ്തതായി രേഖപ്പെടുത്തി 340.80/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യാവുന്നതിനേക്കാൾ അധികം ചെയ്തതായി കാണിച്ചിട്ടുള്ള 57.56$m^2$ന്, (187.14$m^2$- 129.58$m^2$), 340.80/$m^2$ നിരക്കിൽ നൽകിയ 19616/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/24.12.19) ലഭ്യമാക്കിയ മറുപടിയിൽ മൂല്യനിർണ്ണയം നടത്തുന്നതിന് സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തേണ്ട ആവശ്യമില്ലാ എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ ആധികാരികമാണെന്നിരിക്കെ പ്രസ്തുത അളവ് മെറ്റീരിയൽ മാത്രമേ പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടുണ്ടാകൂ എന്നതിനാൽ മേൽ സൂചിപ്പിച്ചവിധം അധികം പ്രവൃത്തി ചെയ്യുവാൻ സാധിക്കില്ല എന്നതിനാൽ അധിക ചെലവ് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 പെർഫോമൻസ് സെക്യൂരിറ്റി ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്തത് മൂലം നഷ്ടം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അളവ് പുസ്തകം | 59/17-18 |
| ബിൽ നമ്പർ | 30/11.10.18- 231214 (പാർട്ട് ബിൽ) |

താനത്ത് പൊമ്മിക്കരമോളേൽ റോഡ് പാർശ്വ സംരക്ഷണം- എന്ന പ്രവൃത്തിയുടെ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഒന്നാം ഭാഗിക ബിൽ നൽകിയപ്പോൾ 2.5% തുക പെർഫോമൻസ് സെക്യൂരിറ്റിയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ട ( 237143x2.5%), 5929രൂപ ബില്ലിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് ബാക്കി തുകമാത്രം പിൻവലിച്ചതിനാൽ 5929രൂപ സാമ്പത്തിക വർഷാവസാനം ഫണ്ട് ലാപ്സായ മുറയ്ക്ക് പഞ്ചായത്തിന് നഷ്ടമായതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(7/24.12.19) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതി തൻവർഷം പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ കരാറുകാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക നൽകുവാൻ സാധിക്കാതെ വരുമെന്നതിനാൽ ബാധ്യത ഉത്തരവാദിയായ ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| 2 | | | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| 3 | | | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സഹായ ഉപകരണങ്ങൾ | 100000 | 0 |
| 4 | | | 962580 | ലൈഫ് ഭവന പദ്ധതി ജനറൽ | 962580 | 0 |
| 5 | | | 600000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി | 400000 | 200000 |
| 6. | ജില്ലാപഞ്ചായത്ത് | 18-19 | 169200 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 169200 | 00 |
| | | | 263888 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 00 | 263888 |
| 7 | | | 650000 | ലൈഫ് ഭവന പദ്ധതി ജനറൽ | 0 | 650000 |
| | | | 600000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 600000 | 00 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | ലൈഫ് ലോൺ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ). 276/10 ത.സ്വ.ഭ.വ 27.1.10 | 10755000 | 1899120 | 1390000 | 0 | 509120 |
| ലൈഫ് പദ്ധതി | ലഭ്യമാക്കിയില്ല | 1600000 | 00 | 00 | 00 | 1600000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2016-17 | 2(5) | 250 | സെക്രട്ടറി മിൽക്ക് സൊസൈറ്റി ഓണക്കൂർ | 18110100116/12.4.18 |
| | 2(6) | 1392 | | 18110100118/12.4.18 |
| 2017-18 | 2(1) എ | 828 | ബെന്നി.പി.സി പ്ലാപ്പാളിൽ | 18110104107/8.2.19 |
| ആകെ | | 2470 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് കാലയളവ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2013-14, 14-15 | 2-2 | 2016-17 2,അനുബന്ധം 4,5 | ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത്. | കേസ് നിലനിൽക്കുന്നതിനാൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ |

| | | | | |
|---|---|---|---|---|
| | | | | 31.10.19ലെ 9-ം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ബഹു. സർക്കാരിനോട് അഭ്യർത്ഥി ച്ചിരിക്കുന്നു. |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,32,99,540 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,95,17,907 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33848 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7712 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1(1,3) | | 22720 | ശ്രീമതി.ശോഭ ജയിംസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1(2) | | 5199 | ശ്രീമതി. ഖദീജബീവി.വി.എം അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 5929 | ശ്രീമതി.ശോഭ ജയിംസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 33848 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 7712 | ശ്രീമതി.ശോഭ ജയിംസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 7712 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീമതി.ശോഭ ജയിംസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>രാമമംഗലം പഞ്ചായത്ത് | ചെറുവില്ലിൽ<br>വടയമ്പാടി പി.ഒ,<br>പുത്തൻകിരിശ് |
| ശ്രീമതി.ഖദീജ ബീവി. വി.എം<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വാഴക്കുളം | കട്ടുത്തുപുറം വീട്<br>കണ്ടൻതറ<br>അല്ലപ്ര പി.ഒ<br>പെരുമ്പാവൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 | |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 | |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ | |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 | |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 | |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 | |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 | |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 | |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 | |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016/15.12.2016 | |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 | |
| 2017-18 | കെ.എസ്.എ.(പി.9) 2058/2018/3.12.2018 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ.ഭ.വ, ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. സ.ഉ.(എം.എസ് ) 152/2011/ത.സ്വ.ഭ.വ/26.07.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിലെ I -18 ഷെഡ്യൂളിലെ 280100101 എന്ന property tax on residential buildings എന്ന ഹെഡിൽ 55,088/- രൂപ ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. ആയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡെപ്യൂട്ടി
ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statementof Pampakuda Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of Pampakuda Grama Panchayat for the year 2018-19 subject to the observations in Appended, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Defects Identified on Verification of Annual Financial Statement of Pampakuda Grama Panchayath for the year 2018-19

1. All assets including land has not been included in the asset register and not reconciled with the Annual financial Statement as per G.O.(MS) 152/2011/LSGD dated 26.07.2011. The Sachitra software that specifies assets has not been linked with Sankhya software. Since, the accounting of asset has not been completed, it is not possible to ensure the accuracy of Panchayath fund.

2. The accounts of Property Tax in AFS differs with the Sanchaya accounts.

3. The schedule I-18 of the AFS shown an adjustment of Rs. 55088 in the head 280100101 Property Tax on Residential Building. But the Panchayath Committee decision in this regard has not presented for audit verification.